പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1524 — 14.12.2012-ൽ മറുപടിക്ക്

മൊബൈൽ ഇൻസിനറേറ്ററുകൾ വാങ്ങുന്ന നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മാലിന്യസംസ്കരണത്തിനുള്ള മൊബൈൽ ഇൻസിനറേറ്ററുകൾ വാങ്ങുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ;<br><br>ബി) എങ്കിൽ ആയത് ഏത് ഏജൻസി വഴി വാങ്ങുന്നതിനാണ് തീരുമാനം എടുത്തിട്ടുള്ളത് ; | എ)<br>&<br>ബി) | തിരുവനന്തപുരത്തെ വിളപ്പിൽശാലയിലെ മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നിട്ടുള്ള സാഹചര്യത്തിൽ തിരുവനന്തപുരം ചാലയിൽ സ്ഥാപിക്കുന്ന നവീന പ്ലാന്റിന്റെ പ്രവർത്തനം തുടങ്ങുന്നതുവരെ താൽക്കാലികമായി മാലിന്യ സംസ്കരണത്തിനായി ഒരു മൊബൈൽ ഇൻസിനറേറ്റർ സിഡ്കോ വഴി വാങ്ങിയിട്ടുണ്ട്. ഇതല്ലാതെ കൂടുതൽ മൊബൈൽ ഇൻസിനറേറ്റർ വാങ്ങുന്നതിനായി സർക്കാർ തീരുമാനം എടുത്തിട്ടില്ല. |
| സി) സംസ്ഥാനത്തെ ശുചിത്വമിഷനെ ഒഴിവാക്കി ഇത്തരത്തിൽ ഒരു ഉത്തരവ് നൽകാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ ? | സി) | ശുചിത്വമിഷൻ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകുന്ന ഏജൻസിയാണ്. ഇത്തരം മെഷിനറികൾ വാങ്ങുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് സിഡ്കോയെയാണെന്നതിനാലാണ് സർക്കാർ അവർ മുഖേന വാങ്ങുന്നതിന് ഉത്തരവ് നൽകിയത്. |

സെക്ഷൻ ഓഫീസർ